കുറ്റ്യാടിപ്പുഴയ്ക്ക് തോട്ടത്താംകണ്ടി കടവിലെ പാലം

58 (331)ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാമ്പ്ര നിയോജക മണ്ഡലത്തിൽ കുറ്റ്യാടിപ്പുഴയ്ക്ക് തോട്ടത്താം കണ്ടി കടവിൽ പാലം പണിയണമെന്നാവശ്യപ്പെട്ടുകൊണ്ട് തോട്ടത്താംകണ്ടി വികസന സമിതി കൺവീനർ ഗവണ്മെന്റിനു നൽകിയ നിവേദനത്തിന് എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

വനഭൂമി ഏറ്റെടുക്കുന്നതുമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം

59 (332)ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫോറസ്റ്റ് ഓർഡിനൻസ് 2000 അനുസരിച്ച് വനഭൂമി യോട് ചേർന്നുകിടക്കുന്ന കൈവശഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിച്ചി ട്ടുണ്ടോ;

(ബി) ഇതുമൂലം കൃഷിക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) വനഭൂമിയിലെ കുടിയേറ്റകർഷകരെ ബുദ്ധിമുട്ടിക്കാതിരിക്കാൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

((ഡി) നിയമമനുസരിച്ച് പാരിസ്ഥിതികമായി ദുർബലമായിട്ടുള്ള ഭൂമി എന്ന് സർക്കാർ ഉദ്ദേശിക്കുന്നത് ഏത് തരത്തിലുള്ള ഭൂമിയാണെന്ന് വ്യക്തമാ ക്കുമോ?

ഉത്തരം

(എ) കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് ഓഫ് ഇക്കോ ളജിക്കലി ഫ്രെജൈൽ ലാന്റ്സ്) ഓർഡിനൻസ് 2000 പ്രകാരം റിസർവ് വനങ്ങ ളോടോ, നിക്ഷിപ്തവനങ്ങളോടോ, മറ്റു സർക്കാർ ഉടമസ്ഥതയിലുള്ള വനങ്ങ ളോടോ ചേർന്നുകിടക്കുന്നതോ, അവയാൽ ചുറ്റപ്പെട്ടിരിക്കുന്നതോ ആയ സ്വകാര്യ ഉടമസ്ഥതയിലുള്ള സ്വാഭാവിക സസ്യജാലങ്ങളുള്ള വനപ്രദേശ ങ്ങൾ 2.6.2000 മുതൽ സർക്കാരിൽ നിക്ഷിപ്തമായിട്ടുണ്ട്.

(ബി)&(സി) സാധാരണ ഗതിയിൽ ഇതുമൂലം കൃഷിക്കാർക്ക് ബുദ്ധിമു ട്ടുകൾ ഉണ്ടാവുകയില്ല. നിക്ഷിപ്തമാക്കുന്ന ഭൂമിയിലെ ഭൂവുടമയോ, മുൻഗാ മിയോ നടത്തിയ സ്ഥായിയായ ദേഹണ്ഡങ്ങൾക്ക് നഷ്ടപരിഹാരം നൽകു വാൻ ഓർഡിനൻസിൽ വ്യവസ്ഥയുണ്ട്. കൂടാതെ ആധികാരിക ലൈസൻ സുള്ള സ്വാഭാവികവനങ്ങളിലെ എല്ലാ കാപ്പി, ഏലം തോട്ടങ്ങളേയും ഓർഡി നൻസിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഭൂമി നിക്ഷിപ്തമാക്കുന്നത് സർക്കാർ നിയോഗിച്ച ഒരു ഉപദേശക സമിതിയുടെ ശുപാർശയെ ആധാരമാ ക്കിയാണ്. പരാതിയുള്ളപക്ഷം ട്രൈബ്യൂണലിനെ സങ്കട നിവർത്തിക്കായി

LIBRARY ARCHIVES Kerala Legislative Assembly